DESPATCHED
On 12/06/2020

20/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 834(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5931**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഫാ.ആൽഫ്രഡ്,
'ജീവന', കാലിക്കറ്റ് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ബൈപ്പാസ് റോഡ്, ഇരഞ്ഞിപ്പാലം പി.ഒ., കോഴിക്കോട് – 673 006. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്,
ജലനിധി, KRWSA,
എസ്.എസ്. കോവിൽ റോഡ്,
തമ്പാനൂർ, തിരുവനന്തപുരം – 695 001.

2. അപ്പീൽ അധികാരി&
എക്സിക്യൂട്ടീവ് ഡയറക്ടർ,
പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്,
ജലനിധി, KRWSA,
എസ്.എസ്. കോവിൽ റോഡ്,
തമ്പാനൂർ, തിരുവനന്തപുരം – 695 001.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഫാ.ആൽഫ്രഡ്, 03.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 08.04.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.834(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി ലഭ്യമായില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ രേഖകളും സൗജന്യമായി ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.03.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 28.03.2019ന് ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി 31.10.2019ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ ടി ഓഫീസിൽ ലഭിച്ചിരുന്നുവെന്നും ആയതിന് വിവരാവകാശ നിയമം വുകപ്പ് 7(1) പ്രകാരം മറുപടി നൽകേണ്ട സാഹചര്യം ഇല്ല എന്ന് വിലയിരുത്തിയതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിന് ഫീസ് ഒടുക്കണമെന്നു കാണിച്ച് 11.04.2019ന് മറുപടി നൽകിയിട്ടുണ്ടെന്നും വീണ്ടും 28.03.2019ന് ടിയാൻ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടില്ലെന്നാണ് ടിയാന്റെ ആക്ഷേപമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി

കമ്മീഷൻ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും 12.04.2019ന് 154/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയിരുന്നുവെന്നും ടിയാൻ തുക ഒടുക്കാതെയാണ് അപ്പീൽ നൽകിയതെന്നും അപ്പീലിനും മറുപടി നൽകിയെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM